**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കണ്ണൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 686/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ ഇ 16(എസ്.സി 7/12/KNR)15209/12 നം. കത്ത്
2.സർക്കാരിന്റെ 08.01.2014 തീയതിയിലെ 59093/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 07.12.2018 തീയതിയിലെ വി2-1936/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ നഗരസഭയിൽ വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ 27.02.2012ൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിലെ ജനനമരണ രജിസ്റ്ററുകളും അപേക്ഷകളും ശരിയായ വിധം സൂക്ഷിക്കുന്നില്ലായെന്നും, ഡി&ഒ ലൈസൻസ് രജിസ്റ്ററുകൾ ശരിയായി കൈകാര്യം ചെയ്യുന്നില്ലായെന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ലായെന്നും കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ വാസു കെ. വി, ശ്രീ എ.കെ ദാമോദരൻ ,ശ്രീ വി.പി പത്മനാഭൻ., ശ്രീ പി.പി രാജശേഖരൻ, ശ്രീ റ്റി.എൻ. ഗിരീഷ് കുമാർ, ശ്രീ അജയകുമാർ കെ.എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി സജില വളർപ്പാൻ കണ്ടിയിൽ, ശ്രീമതി ടി അനുഷ്ക, ശ്രീമതി സി.കെ.നബീലത്ത്, ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.സി.സോമസുന്ദരൻ എന്നിവർക്ക് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോക്ക് ടി ജീവനക്കാർ സമർപ്പിച്ച മറുപടിയിൽ കണ്ണൂർ നഗരസഭാസെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ശ്രീ വി.പി.പത്മനാഭൻ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2) ശ്രീ.പി.പി രാജശേഖരൻ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2), ശ്രീ വാസു കെ.വി(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2) ശ്രീ റ്റി.എൻ.ഗിരീഷ് കുമാർ(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2)എ. കെ ദാമോദരൻ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2)എന്നീ ജീവനക്കാർക്ക് നൽകിയ കുറ്റാരോപണ മെമ്മോകളിലെ ആരോപണങ്ങൾ ജനന മരണ വിഭാഗവുമായി ബന്ധപ്പെട്ടവയാണ്. ടി

കാലയളവിൽ ടിയാന്മാർ ജനന മരണ വിഭാഗത്തിൽ ജോലിചെയ്തിട്ടില്ലെന്ന് ബോധിപ്പിച്ചത് വസ്തുതാപരമാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. മൂന്നാമത്തെ ആരോപണം ഡി & ഒ രജിസ്റ്ററും, പുതുക്കുന്നതിനുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ലെന്നായിരുന്നു . ഡി & ഒ ലൈസൻസ് ഫീസ് അടക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത് ഡിവിഷൻ ഓഫീസിൽ നിന്നും മെയിൻ ഓഫീസിലേയ്ക്ക് അയക്കുകയാണ് പതിവെന്നും, ആയതിനാൽ വൈകി ലഭിക്കുന്ന അപേക്ഷകളിന്മേൽ ഫീസടച്ചാൽ മെയിൻ ഓഫീസിലുള്ള ഹെൽത്ത് വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കാണ് ആയത് രജിസ്റ്ററിൽ ചേർക്കുക പതിവെന്നുമാണ് ടിയാന്മാർ ബോധിപ്പിച്ചിട്ടുള്ളത് ആയത് വസ്തുതാപരമാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നാലാമത്തെ ആരോപണം 35-സി.ഡബ്ളിയു വാർഡിൽ ലൈസൻസില്ലാതെ 28 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്നാണ്. ശ്രീ വി.പി പത്മനാഭൻ, ശ്രീ പി.പി രാജശേഖരൻ, ശ്രീ കെ .പി വാസു എന്നിവർക്ക് 35- സിഡബ്ളിയു വാർഡിന്റെ ചുമതല ഉണ്ടായിരുന്നില്ലായെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് ശരിയാണെന്ന് കാണുന്നതായും ആകയാൽ ടി ജീവനക്കാരുടെ മറുപടി പരിഗണിയ്ക്കാവുന്നതാണെന്നും, ശ്രീ വി.പി പത്മനാഭനും ശ്രീ കെ.വി.വാസുവും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും നഗരസഭാസെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു .

3. ശ്രീ ടി.എൻ ഗിരീഷ് കുമാറിന് 24.05.2011 മുതൽ 21.10.2011 വരേയും, തുടർന്ന് ശ്രീ എ.കെ ദാമോദരനുമായിരുന്നു 35 സി - ഡബ്ളിയു വാർഡിന്റെ ചുമതല. ശ്രീ ടി.എൻ ഗിരീഷ് കുമാറിന് 5 മാസം മാത്രമേ ചുമതലയുണ്ടായിരുന്നുള്ളൂവെന്നും പ്രസ്തുത സമയത്ത് നിയമാനുസൃത ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് സത്വരനടപടികൾ സ്വീകരിക്കുവാൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും തുടർന്ന് ഡിവിഷൻ മാറ്റി നിയമിച്ചതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിരുന്നില്ലെന്നും വിജിലൻസ് പരിശോധനാ സമയത്ത് ടിയാന് പ്രസ്തുത വാർഡിന്റെ ചുമതല ഉണ്ടായിരുന്നില്ലെന്നും ബോധിപ്പിച്ചിട്ടുള്ളത് പരിഗണിക്കാവുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീ എ.കെ.ദാമോദരൻ നൽകിയ മറുപടിയിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്ന 28 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്ന സമയത്താണ് വിജിലൻസിന്റെ മിന്നൽ പരിശോധന നടന്നിട്ടുള്ളതെന്നും പിന്നീട് നോട്ടീസ് നൽകി പിഴ ഈടാക്കിയിട്ടുണ്ടെന്നും ടിയാൻ അറിയിച്ചിട്ടുള്ളത് ഒരു പരിധിവരെ ശരിയാണെങ്കിലും അന്വേഷണ സമയത്തെ വീഴ്ചയ്ക്ക് ടിയാന് ഉത്തരവാദിത്വം ഉള്ളതാണെന്ന് കാണുന്നു. അംഗീകരിക്കപ്പെട്ട ബൈലോ പ്രകാരമുള്ള നിരക്കിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ലായെന്ന ആരോപണത്തിനുള്ള മറുപടിയിൽ ടിയാൻമാർ അംഗീകരിക്കപ്പെട്ട ബൈലോ പ്രകാരമുള്ള ഫീസ് തന്നെയാണ് ഈടാക്കിയിരുന്നതെന്ന് ബോധിപ്പിച്ചിട്ടുള്ളത് പരിഗണിക്കാവുന്നതാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു .

4. ശ്രീ അജയകുമാർ കെ.എം., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, ജനന മരണ രജിസ്ട്രാറും ശ്രീമതി സജില വളർപ്പാൻ കണ്ടിയിൽ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2, ശ്രീമതി ടി അനുഷ്ക, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2, ശ്രീമതി സി . കെ നബീലത്ത് ,

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2, എന്നിവർ ജനന മരണ വിഭാഗത്തിലെ സബ് രജിസ്ട്രാറുമായി ജോലി ചെയ്തു വരുന്ന സമയത്താണ് വിജിലൻസ് പരിശോധന നടന്നിട്ടുള്ളത്. ആയതുകൊണ്ട് കുറ്റാരോപണ മെമ്മോയിലെ 1, 2 ആരോപണങ്ങൾ മാത്രമാണ് ബാധകമായിട്ടുള്ളതെന്ന് ടി ജീവനക്കാരുടെ മറുപടി വസ്തുതാപരമാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു . ഓഫീസിലെ സ്ഥലപരിമിതിമൂലമാണ് അപേക്ഷകൾ കൃത്യമായി സൂക്ഷിക്കുവാൻ കഴിയാതെ പോയതെന്നും 4 പേരും മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളതാണ് . കൂടാതെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നത് കമ്പ്യൂട്ടറിലെ ഇൻവേർഡ് നമ്പർ പ്രകാരമാണെന്നും എന്നാൽ പലരും സർട്ടിഫിക്കറ്റുകൾ വാങ്ങുവാൻ വരുന്നത് ക്രമപ്രകാരമല്ലാത്തതിനാലാണ് അപേക്ഷകൾ കെട്ടി വയ്ക്കാൻ സാധിക്കാതെ പോയതെന്നും ബോധിപ്പിച്ചിട്ടുള്ളതായും മേൽ വിശദീകരണം തൃപ്തികരമായതിനാലും നിലവിൽ എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനിൽ ലഭ്യമാക്കിയിട്ടുള്ളതിനാലും ടി ജീവനക്കാരുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും, ശ്രീ കെ.എം. അജയകുമാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിരുന്നു .

5. ഹെൽത്ത് സൂപ്പർവൈസറായ ശ്രീ സി സോമസുന്ദരന് നൽകിയ കുറ്റാരോപണ മെമ്മോയിലെ 1, 2 നമ്പറായുള്ള ആരോപണങ്ങൾ ജനന മരണ വിഭാഗവുമായി ബന്ധപ്പെട്ടവയാണ്. ടി കാലയളവിൽ ടിയാൻ ജനന മരണ വിഭാഗത്തിൽ ജോലി ചെയ്തിട്ടില്ലെന്ന് ബോധിപ്പിച്ചത് വസ്തുതാപരമാണെന്ന് കാണുന്നതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്നാമത്തെ ആരോപണം ഡി & ഒ രജിസ്റ്ററും പുതുക്കുന്നതിനുള്ള രജിസ്റ്ററും ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ലായെന്നതായിരുന്നു. നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ തയ്യാറാക്കുന്ന കച്ചവട സ്ഥാപന ലിസ്റ്റുകളും അപേക്ഷകളും ഡിവിഷൻ തിരിച്ച് നഗരസഭാ കാര്യാലയത്തിൽ സൂക്ഷിക്കുന്നതും ഡിസിബി തയ്യാറാക്കി സമർപ്പിക്കുന്നതും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കാണെന്ന് ശ്രീ സി സോമസുന്ദരൻ മറുപടി നൽകിയിരിക്കുന്നു. എല്ലാ വർഷവും ജനുവരി 15 മുതൽ ഫെബ്രുവരി 28 വരെ മുൻകൂറായി പുതുക്കാൻ ധാരാളം ലൈസൻസ് അപേക്ഷകൾ ലഭിക്കുന്നതിനാലാണ് പൂർണ്ണമായും ക്രമീകരിക്കുവാൻ സാധിക്കാതെ പോയതെന്നും പിന്നീട് അവയെല്ലാം ക്രമീകരിച്ച് വച്ചിട്ടുണ്ടെന്നുമുള്ള ടിയാന്റെ മറുപടി പരിഗണനാർഹമാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.നാലാമത്തെ ആരോപണം 35- സിഡബ്ളിയു വാർഡിൽ ലൈസൻസില്ലാതെ 28 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്നാണ്. നിയമാനുസൃത ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സത്വര നടപടികൾ സ്വീകരിക്കുവാൻ ആയതിന് ചുമതലയുള്ള ഹെൽത്ത്, ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും 28 സ്ഥാപനങ്ങൾക്കെതിരെ ഹെൽത്ത് ഇൻസ്പെക്ടർ നടപടി സ്വീകരിച്ചതായും ശ്രീ സി. സോമസുന്ദരൻ ബോധിപ്പിച്ചിട്ടുണ്ട്.അഞ്ചാമത്തെ ആരോപണം അംഗീകരിക്കപ്പെട്ട ബൈലോ പ്രകാരമുള്ള നിരക്കിൽ ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല എന്നതായിരുന്നു. ഫീസ് ഈടാക്കുന്നതിന്റെ ചുമതല ടിയാനുണ്ടായിരുന്നില്ലെന്നും, ലൈസൻസ് അനുവദിക്കുക മാത്രമാണ് ചെയ്തിരുന്നതെന്നും.

കാലാകാലങ്ങളിൽ കൺകറന്റ് ഓഡിറ്റ് കണ്ടെത്തിയ ഇത്തരത്തിലുള്ള ബാധ്യതകളെല്ലാം പിന്നീട് ഈടാക്കിയിരുന്നതായും ബോധിപ്പിച്ചിട്ടുള്ളത് പരിഗണിക്കാവുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിരുന്നു. ശ്രീ.സോമസുന്ദരൻ 31.05.2012 സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതായും അറിയിക്കുന്നു.

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി സജില വളർപ്പാൻകണ്ടിയിൽ, ശ്രീമതി ടി അനുഷ്ക, ശ്രീമതി സി.കെ നബീലത്ത്, ശ്രീ അജയകുമാർ കെ.എം., എന്നീ ജീവനക്കാർക്ക് കുറ്റാരോപണ മെമ്മോയ്ക്ക് തൃപ്തികരമായ മറുപടി നൽകുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഓഫീസിലെ സ്ഥലപരിമിതിമൂലമാണ് അപേക്ഷകൾ കൃത്യമായി സൂക്ഷിക്കാൻ കഴിയാതെ പോയതെന്നുള്ള മറുപടി അംഗീകരിക്കത്തക്കതല്ലെങ്കിലും ശ്രീ അജയകുമാർ കെ.എം സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കാവുന്നതും ശ്രീമതി സജില വളർപ്പാൻകണ്ടിയിൽ ശ്രീമതി ടി അനുഷ്ക, ശ്രീമതി സി.കെ.നബീലത്ത് എന്നീ ജീവനക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ ശ്രീ വി.പി പത്മനാഭൻ, ശ്രീ. പി.പി രാജശേഖരൻ, ശ്രീ വാസു കെ. വി , ശ്രീ റ്റി . എൻ ഗിരീഷ് കുമാർ എന്നീ ജീവനക്കാർ സമർപ്പിച്ച മറുപടിയുടേയും കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലും ശ്രീ വാസു കെ. വി, ശ്രീ വി.പി പത്മനാഭൻ എന്നീ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്ന വസ്തുത പരിഗണിച്ച് ടി ജീവനക്കാർക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണ് എന്നും വിജിലൻസ് അന്വേഷണ സമയത്തെ വീഴ്ചയ്ക്ക് ശ്രീ എ.കെ.ദാമോദരന് ഉത്തരവാദിത്വം ഉള്ളതാണെന്നുമുള്ള നഗരസഭാസെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരനെതിരെ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു. കൂടാതെ ശ്രീ.സോമസുന്ദരൻ സമർപ്പിച്ച മറുപടി പൂർണ്ണമായും അംഗീകരിക്കത്തക്കതല്ലെങ്കിലും 31.05.2012-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള വസ്തുത പരിഗണിച്ച് ടിയാനെതിരെയുള്ള നടപടികൾ തീർപ്പാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

7. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ ജീവനക്കാരുടെ മറുപടി നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിൻപ്രകാരം കണ്ണൂർ നഗരസഭയിലെ ജീവനക്കാർക്കെതിരായ വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. എ. കെ ദാമോദരൻ, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ആയ ശ്രീമതി സജില വളർപ്പാൻകണ്ടിയിൽ, ശ്രീമതി ടി അനുഷ്ക, ശ്രീമതി.സി.കെ.നബീലത്ത് എന്നിവർക്ക് മേലിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് കർശനമായ ശാസന (Censure) നൽകിയും, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ വി.പി.പത്മനാഭൻ,ശ്രീ.പി.പി രാജശേഖരൻ, ശ്രീ വാസു

കെ.വി, ശ്രീ റ്റി.എൻ ഗിരീഷ് കുമാർ,ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.സോമസുന്ദരൻ, ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അജയകുമാർ.കെ.എം. എന്നിവർക്കെതിരായ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. എ. കെ ദാമോദരൻ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ,കണ്ണൂർ നഗരസഭ
ശ്രീമതി സജില വളർപ്പാൻകണ്ടിയിൽ,രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീമതി ടി അനുഷ്ക, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീമതി.സി.കെ.നബീലത്ത്, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീ വി.പി.പത്മനാഭൻ,രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീ.പി.പി രാജശേഖരൻ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീ വാസു കെ.വി,രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
ശ്രീ റ്റി.എൻ ഗിരീഷ് കുമാർ,രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ,കണ്ണൂർ നഗരസഭ
ശ്രീ.സോമസുന്ദരൻ,ഹെൽത്ത് സൂപ്പർവൈസർ, കണ്ണൂർ നഗരസഭ
ശ്രീ അജയകുമാർ.കെ.എം., ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്
(02.03.2019 തീയതിയിലെ VIG-D1/653/2018-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ